"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ 2014-15 മുതൽ പ്രവർത്തനരഹിതമായതും നിലവിൽ ഗുണഭോക്തൃ സമിതികൾ ഇല്ലാത്തതുമായ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി അടവാക്കുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.2044/2026/LSGD തീയതി,തിരുവനന്തപുരം, 30-10-2026

പരാമർശം:-

1. 06.02.2022 ലെ G.O(P) 119/2022/LSGD നമ്പർ ഉത്തരവ്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.10.2024-ലെ LSGD/PD/34575/2024-DPLC2 നമ്പർ കത്ത്
3. 04.11.2025 - ലെ നെടുവത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നമ്പർ 7/1 തീരുമാനം.
4. നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2026- ലെ കത്ത്
5. ബഹു. കേരളാഹൈക്കോടതി WP(C) No. 40811/2025 നമ്പർ കേസിൽ പുറപ്പെടുവിച്ച 22.09.2026 - ലെ ഉത്തരവ്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.10.2026-ലെ LSGD/PD/28333/2026-DPLC2 നമ്പർ കത്ത്
7. നെടുവത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29-10-2026 ലെ 3558602-2025 നമ്പർ കത്ത്

ഉത്തരവ്

നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ 2014 - 15 മുതൽ പ്രവർത്തനരഹിതമായതും നിലവിൽ ഗുണഭോക്തൃ സമിതികൾ ഇല്ലാത്തതുമായ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശികയും പലിശയും അടയ്ക്കാത്തതിനാൽ, നിലവിൽ പൂർത്തീകരിക്കപ്പെട്ട മറ്റു പദ്ധതികൾക്ക് പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും, ടി കുടിശ്ശികയും പലിശയും പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്ന് അടയ്ക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പ്രസ്തുത കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയപ്പോൾ വൈദ്യുതി ചാർജും പരിപാലനച്ചെലവും അതത് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നതായും എന്നാൽ, ഗുണഭോക്തൃ സമിതികൾ നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാൽ കുടിശ്ശിക തീർപ്പാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത് എന്നും കുടിശ്ശിക തുക 31.10.2026 - നകം അടച്ചാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നു KSEB അറിയിച്ചിട്ടുള്ളതിനാൽ, പലിശ സഹിതം പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്ന് പ്രസ്തുത അടയ്ക്കാൻ അനുമതി നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നെടുവത്തൂർ പഞ്ചായത്തിലെ പുല്ലാമല കൈതാനവിള പട്ടികജാതി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി കൊല്ലം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ഇ.ബി. ബഹു. ഹൈക്കോടതിയിൽ WP(C) No.40811/2025 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. കേരള വാട്ടർ അതോറിറ്റിക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും നൽകേണ്ട കുടിശ്ശികകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ പൊതു ഫണ്ടിൽ നിന്നുള്ള കുടിശ്ശികകൾക്ക് മുൻഗണന നൽകി തുക അടയ്ക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് കുടിശ്ശിക പഞ്ചായത്തിന് ഒടുക്കാൻ കഴിയുമോ എന്ന കാര്യത്തിൽ വ്യക്തത ലഭ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ ബഹു. ഹൈക്കോടതി പരാമർശം (5) പ്രകാരം നിർദേശിച്ചിരുന്നു.

4. കെ.എസ്.ഇ.ബി.യുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം 31.10.2026 - നകം കുടിശ്ശിക അടയ്ക്കുന്നപക്ഷം ലഭ്യമാകുമെന്നും, ആകെ കുടിശ്ശികയായ ₹ 76,473/- രൂപയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി ₹ 49,146/- മാത്രം അടച്ചാൽ മതിയാകുമെന്നും അതുവഴി ₹27,327/- ലാഭിക്കാൻ കഴിയുമെന്നും പരാമർശം (7) പ്രകാരം പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ദീർഘകാലമായി പ്രവർത്തനരഹിതമായി കിടക്കുന്നതും നിലവിൽ ഗുണഭോക്തൃ സമിതികൾ നിലവിലില്ലാത്തതുമായ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക നിലനിൽക്കുന്നതിനാൽ പൊതുജനങ്ങൾക്ക് പ്രയോജനകരമായ മറ്റു വികസന പദ്ധതികൾക്കും പുതിയ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിനു തടസ്സം നേരിടുന്ന സാഹചര്യം പരിഗണിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ

ആനുകൂല്യം പ്രയോജനപ്പെടുത്തി നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ **2014-15** മുതൽ പ്രവർത്തനരഹിതമായതും നിലവിൽ ഗുണഭോക്തൃ സമിതികൾ ഇല്ലാത്തതുമായ വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കുടിശ്ശിക തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിനു നെടുവത്തൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. കെ.എസ്.ഇ.ബി.യിൽനിന്നുള്ള കുടിശ്ശിക സംബന്ധിച്ച കണക്കുകളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിനുശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കു കീഴിൽ തുക ഒടുക്കി കുടിശ്ശിക ഒഴിവാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതാണ്. തുടർന്ന് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, നെടുവത്തൂർ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Shaija R M
Date: 30-10-2026
17:06:33

സെക്ഷൻ ഓഫീസർ